നമ്പർ. സി1/498/2017/റ്റി സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി. 21/03/2018

## സർക്കുലർ - 4/2019

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹൻ 4 നിലവിൽ വന്ന സാഹചര്യത്തിൽ വാഹനം കൈമാറ്റം ചെയ്യുന്നതിന് പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന :- വാഹൻ 4 നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്.

1) വാഹനം കൈമാറ്റം ചെയ്യുമ്പോൾ വാഹൻ 4-ലെ ഓൺലൈൻ സർവ്വീസിലുള്ള ട്രാൻസ്ഫറിനുള്ള ഫോറം മുഖാന്തിരം വാഹനം വിൽക്കുന്നയാൾ അപേക്ഷ സമർപ്പിക്കണം. വിൽക്കുന്നയാളിന് അദ്ദേഹത്തിന്റെ രജിസ്റ്റേർഡ് മൊബൈലിൽ OTP വരുകയും അത് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി തുടർ പരിശോധനയ്ക്കുശേഷം മാത്രമേ അപേക്ഷ പൂരിപ്പിച്ച് പൂർണ്ണമാക്കുവാൻ സാധിക്കുകയുള്ളൂ. വാങ്ങുന്നയാളിന്റെ പൂർണ്ണ മേൽവിലാസത്തോടൊപ്പം അദ്ദേഹത്തിന്റെ മൊബൈൽ നമ്പർ കൂടി ഓൺലൈനായി സമർപ്പിക്കേണ്ടതും, തുടർന്ന് വാഹനം വാങ്ങുന്നയാളുടെ മൊബൈൽ നമ്പരിൽ വരുന്ന OTP കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി പരിശോധനയ്ക്കു ശേഷം അപേക്ഷ സമർപ്പണം പൂർത്തിയാക്കുകയും ഓൺലൈൻ ആയി ഫീസ് അടയ്ക്കേണ്ടതുമാണ്.

2) മേൽ നടപടിക്രമം കഴിഞ്ഞാൽ പൂരിപ്പിക്കപ്പെട്ട അപേക്ഷയും ഫീസ് രസീതും സ്വയം പ്രിന്റ് ചെയ്ത്, ഒറിജിനൽ ആർ.സി യോടൊപ്പം വിൽക്കുന്നയാളിന്റെ ഓഫീസിൽ നേരിട്ട് വന്ന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3) ഈ ഓഫീസിൽ വാഹനവുമായി ബന്ധപ്പെട്ട വിവരങ്ങൾ പരിശോധിച്ച് ശിക്ഷാനടപടികൾ ഒന്നും തന്നെ തീർപ്പാക്കാതെ ഇല്ലായെങ്കിൽ അവിടുത്തെ നടപടികൾ പൂർത്തിയാക്കി ഒരു നോ ഡ്യൂ സർട്ടിഫിക്കറ്റ് വിൽക്കുന്നയാളിന് നൽകേണ്ടതും ഒറിജിനൽ ആർ.സി കത്രിക ഉപയോഗിച്ച് മുറിച്ച് ഉപയോഗ ശൂന്യമാക്കിയശേഷം അധികാരികൾ ആവശ്യപ്പെട്ടാൽ ഹാജരാക്കണമെന്നുള്ള നിർദ്ദേശത്തോടെ വാഹനം വിറ്റ വ്യക്തിയ്ക്ക് തിരികെ നൽകേണ്ടതാണ്.

4) നോ ഡ്യൂ സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കുമ്പോൾതന്നെ ഈ വാഹനത്തെ സംബന്ധിച്ച വിവരങ്ങളെല്ലാം വാങ്ങിയ ആളിന്റെ താമസ സ്ഥലത്തെ അധികാര പരിധിയിലുള്ള ഓഫീസിൽ സ്വയമേ ഇലക്ട്രോണിക് ഡാറ്റയായി ലഭ്യമാകുന്നതാണ്.

5) അവസാനമായി വാങ്ങുന്നയാളിന്റെ ഓഫീസിൽ തുടർ നടപടികൾ പൂർത്തീകരിക്കുകയും പുതിയ ആർ സി തയ്യാറാക്കുകയും ചെയ്യുന്നു. വാങ്ങുന്നയാൾ നോ ഡ്യൂ സർട്ടിഫിക്കറ്റിന്റെ പകർപ്പും, തിരിച്ചറിയൽ രേഖയുമായി പുതിയ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് വാഹനം വാങ്ങുന്നയാളിന് ആർ. സി ലഭ്യമാക്കുന്നതാണ്.

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ.

അംഗീകാരത്തോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
(എൻഫോഴ്സ്മെന്റ്)